II ഇ.ബി. XII- കേരള നിയമസഭ/XVII-1

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

<u>2011 ഫെബ്രുവരി 7, തിങ്കൾ</u>

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനം 2011 ഫെബ്രുവരി 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**<u>വാങ്മൂലം നൽകിയ ഉത്തരങ്ങൾ</u>**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു)

1(*1 & *26) **<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പദ്ധതി</u>**

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ വി. സുരേന്ദ്രൻ പിള്ള) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യഘട്ടം നടപ്പിലാക്കുന്നതിന് ആവശ്യമായ 2500 കോടി രൂപയിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 450 കോടി രൂപയാണ് സർക്കാർ മാറ്റിവച്ചിരിക്കുന്നത്. അതിൽ 120 കോടി രുപയോളം ചെലവഴിക്കുകയും ബാക്കി ചെലവഴിക്കുന്നതിനുള്ള നടപടികൾ

പുരോഗമിച്ചു വരികയുമാണ്. തുറമുഖത്തേയ്ക്കുള്ള റെയിൽപ്പാതയ്ക്ക് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണ ത്തിനുള്ള ഭൂമി ഏറ്റെടുക്കലും ഡി.പി.ആർ. തയ്യാറാക്കലും അന്തിമ ഘട്ടത്തി ലാണ്. തുറമുഖത്തേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ വാട്ടർ അതോറിറ്റി വഴിയും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ വൈദ്യുതി ബോർഡ് വഴിയും നടപ്പിലാക്കി വരുന്നു. ട്രക്ക് ടെർമിനൽ ബാക്ക് അപ് ഏരിയ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 16.9820 ഹെക്ടർ ആവശ്യമുള്ളതിൽ 41.94 ഏക്കർ ഏറ്റെടുക്കുകയും ബാക്കി ഏറ്റെ ടുക്കുന്നതിനുള്ള നെഗോസിയേഷൻ നടന്നുകൊണ്ടിരിക്കുകയുമാണ്. പാരി സ്ഥിതികാനുമതിക്കായി പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ കീഴി ലുള്ള പരിസ്ഥിതി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടെന്നും ക്ലിയറൻസിന്റെ ആദ്യഘട്ടമായ Form No.1 & ToR അംഗീകരിച്ചിട്ടുണ്ടെന്നും പഠനം പൂർത്തി യാകുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന താണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കുന്ന തിന് എസ്.ബി.റ്റി.യുടെ നേതൃത്വത്തിലുള്ള ബാങ്കുകളുടെ കൺസോർഷ്യവു മായുള്ള ചർച്ചകൾ നടന്നുവരുന്നുണ്ടെന്നും ഈ മാസം തന്നെ എസ്.ബി.ടി. യുമായുള്ള എം.ഒ.യു സൈൻ ചെയ്യുന്നതാണെന്നും വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ പങ്കാളികളാകുവാൻ ഇതുവരെ യോഗ്യതാപത്രം നൽകിയ 14 കമ്പനികളിൽ വിദേശ പങ്കാളിത്തമുള്ള 3 കമ്പനികളും പൂർണ്ണമായും വിദേ ശത്തുള്ള 1 കമ്പനിയും ഉണ്ടെന്നും ആർ.എഫ്.പി. സമർപ്പിക്കുന്നതോടെ മാത്രമേ ഇവയുടെ വിശദവിവരം വ്യക്തമാകുകയുള്ളൂവെന്നും മന്ത്രി വ്യക്ത മാക്കി. ആർ.എഫ്.ക്യൂ-ന്റെ ഫൈനൽ സ്റ്റേജായാൽ മാത്രമേ സെക്യൂരിറ്റി

ക്ലിയറൻസിന് വേണ്ടി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളുവെന്നും കോവളം മുതൽ വിഴിഞ്ഞം വഴി കളിയിക്കാവിളയ്ക്കുള്ള 30 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എസ്.ടി.പി നടത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) **ആഗോള സാമ്പത്തികമാന്ദ്യം**

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ആഗോള സാമ്പത്തികമാന്ദ്യം നേരിടുന്നതിന് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തൊഴിലും വരുമാനവും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനായുള്ള പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. വ്യവസായം, കൃഷി, ജലസേചനം, ഗതാഗതം, ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഇതിനകം ഏകദേശം 5000 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഈ പദ്ധതികൾ പുരോഗമിച്ചു വരികയാണെന്നും 3000 കോടി രൂപയുടെ ഇ.എം.എസ്.പാർപ്പിട പദ്ധതിയും എം.എൻ.ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പാക്കിവരുന്നുണ്ടെന്നും ഈ പാക്കേജിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നവീകരിക്കുന്നതിന് പണം വകയിരുത്തിയതിലൂടെ നെല്ലുൽപാദനം കഴിഞ്ഞ മൂന്ന് വർഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിലെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി ആയിരം കോടിയോളം രൂപയുടെ നിക്ഷേപം

പൊതുമേഖലയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചു. നടപ്പു വർഷം പൊതുമേഖലയിൽ 8 പുതിയ വ്യവസായ സ്ഥാപനങ്ങൾകൂടി ആരംഭിച്ചു. നിലവിലുള്ള ആറ് പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലീകരണ നടപടികൾ പൂർത്തിയായി വരുന്നു. 2009 –2010-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 9.73 ആയി ഉയർന്നു. സാമ്പത്തിക മേഖലയിലെ പ്രകടമായ ഈ ഉണർവ് തൊഴിൽ അവസരങ്ങളും വരുമാനവും വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം 2863.5 കോടി രൂപയുടേയും കെ.എസ്.ഐ.ഡി.സി.നേതൃത്വം നൽകുന്ന പദ്ധതികളിൽ 825 കോടി രൂപയുടേയും സ്വകാര്യ നിക്ഷേപം ഉണ്ടായിട്ടുള്ളതായും കണക്കാക്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഐ.ടി ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി, ഹൗസിംഗ് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട് 10000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപമാണ് ലക്ഷ്യമിട്ടിരുന്നത്. 8000 കോടി രൂപ മുതൽമുടക്കുള്ള ചീമേനി താപവൈദ്യുത നിലയം, 300 കോടി രൂപ മുതൽ മുടക്കുള്ള ലൈഫ് സയൻസ് പാർക്ക്, 163 കോടി രൂപ മുതൽ മുടക്കുള്ള വ്യവസായ പാർക്കുകളിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം, ടൈറ്റാനിയം കോംപ്ലക്സ് തുടങ്ങിയ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പിന്റേയും സർവ്വേയുടേയും പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. സാധാരണക്കാരെ സഹായിക്കുന്നതിന് ആവിഷ്ക്കരിച്ച സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ ഭാഗമായി സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ 300 രൂപയായി വർദ്ധിപ്പിക്കുകയും ക്ഷേമപെൻഷനുകളുടെ കുടിശ്ശിക തീർക്കുന്നതിന്

മുന്തിയ പരിഗണന നൽകുകയും ചെയ്തു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള പട്ടികവിഭാഗ ങ്ങൾ, മൽസ്യത്തൊഴിലാളികൾ, ആശ്രയ സ്ക്കീം കുടുംബങ്ങൾ എന്നി വർക്കും കിലോയ്ക്ക് 2 രൂപ നിരക്കിൽ റേഷനരി ലഭ്യമാക്കിവരുന്നു. ഭക്ഷ്യ സബ്സിഡിക്കായി മാത്രം 278 കോടി രൂപ ഈ വർഷം ചെലവഴിക്കപ്പെടും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മാർക്കറ്റ് ഇന്റർവെൻഷൻ സ്ക്കീമിലേയ്ക്ക് ഈ വർഷം 170 കോടിയോളം രൂപ ചെലവഴിക്കും. ഗൾഫിൽ നിന്ന് തിരിച്ചു വരുന്നവർക്ക് കെ.എഫ്.സി. വഴി സൗജന്യ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. ദുർബ്ബല വിഭാഗങ്ങളുടെ ഭവനവായ്പാ കുടിശ്ശിക എഴുതി ത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ 41,500-ൽപ്പരം കുടുംബ ങ്ങൾക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പയെടുത്ത പട്ടിക ജാതി പട്ടികവർഗ്ഗക്കാർ, പരിവർത്തിത ക്രൈസ്തവർ എന്നിവരുടെ വായ്പക ളുടെ പലിശയും പിഴപ്പലിശയും അടക്കം 25,000 രൂപ വരെയുള്ള മുതലും മത്സ്യത്തൊഴിലാളികളുടെ വായ്പയും എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിച്ചു. ഇ.എം.എസ്.ഭവന പദ്ധതിയുടെ പലിശ ബാദ്ധ്യത, ഭവനശ്രീ വായ്പ എന്നിവ സർക്കാർ ഏറ്റെടുത്തു. മൈത്രീ ഭവന പദ്ധതിയുടെ വായ്പാ ബാദ്ധ്യതയും സർക്കാർ ഏറ്റെടുക്കും. ഭവന വായ്പ എഴുതിത്തള്ളു ന്നതിനോടൊപ്പം ബാങ്കുകളുമായി ഉണ്ടാക്കിയ ധാരണ പ്രകാരം തന്നെ അവ രുടെ ആധാരങ്ങളും തിരിച്ചു നൽകും. കയർ മേഖലയിൽ വില സുസ്ഥിരതാ ഫണ്ട് നടപ്പിൽ വരുത്തി. നടപ്പ് സാമ്പത്തിക വർഷം ഒരു ദിവസം പോലും

വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കേണ്ടി വന്നിട്ടില്ലെന്നും പലിശ വാങ്ങാത്ത ധനകാര്യ സ്ഥാപനങ്ങളുടെ രൂപീകരണത്തിലൂടെ വൻകിട ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് പണം ലഭ്യമാക്കുവാൻ കഴിയുമെന്നും സാമ്പത്തിക മാന്ദ്യത്തിന്റെ വർഷത്തിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് കൈവരിച്ചത് കേരള സംസ്ഥാനമാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3(*3) **എൻഡോസൾഫാൻ ദുരന്തം**

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, എൻഡോസൾഫാന്റെ ഉൽപ്പാദനവും വിതരണവും രാജ്യത്തൊട്ടാകെ നിരോ ധിക്കണമെന്നും എൻഡോസൾഫാൻ ബാധിതർക്ക് ആരോഗ്യപരമായും സാമ്പത്തികമായും സഹായം ലഭ്യമാക്കണമെന്നും ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഇനി അവശ്യമില്ലെന്നും പഠനസമിതിയെ നിയോഗിക്കു ന്നത് പ്രായോഗികമല്ലെന്നും ദുരിതബാധിതരെ സഹായിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഒരു സ്പെഷ്യൽ പാക്കേജാണ് ആവശ്യമെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാന സർക്കാ രിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി "എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെൽ" പ്രവർത്തിക്കുന്നു. ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാ ക്കുന്നതിനായി ഈ സെല്ലിന് 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ദ്ധ ചികിത്സയും ദുരിതബാ

ധിതരിൽ വൈകല്യം അനുഭവിക്കുന്നവർക്ക് ദൃശ്യ, ശ്രവ്യ ചലനോ പകരണങ്ങളും സെല്ലിന്റെ ആഭിമുഖ്യത്തിൽ ലഭ്യമാക്കി വരുന്നു. ദുരിതബാ ധിതരിൽ മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 2006, 2008 വർഷ ങ്ങളിൽ 50,000 രൂപ വീതം സർക്കാർ സാമ്പത്തിക സഹായം നൽകി യിരുന്നു. ദുരിതബാധിതർക്ക് ചികിത്സ, പുനരധിവാസ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 128 ലക്ഷം രൂപ അനുവദിച്ചു. അലോപ്പതി, ആയുർവ്വേദ, ഹോമിയോ പ്പതി മേഖലകളിലെ മെഡിക്കൽ ഓഫീസർമാർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യുക്കേറ്റർ (എം.ആർ)., സൈക്ക്യാട്രിക്ക് സോഷ്യൽ വർക്കർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന മൊബൈൽ മെഡിക്കൽ ടീം വഴി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു. നിർദ്ദേശിക്കപ്പെട്ട ദിവസ ങ്ങളിൽ ക്യാമ്പുകളിൽ എത്തുന്ന രോഗികളെ പരിശോധിച്ച് ചികിത്സ ലഭ്യമാ ക്കുന്ന മെഡിക്കൽ സംഘം കിടപ്പിലായ രോഗികൾക്ക് വേണ്ടി അവരുടെ വീടുകളിലെത്തി സാധ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. മെഡിക്കൽ കോളേജുകളിലെ വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെ ടുത്തി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി അർഹരായ രോഗികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി സ്മാർട്ട് കാർഡ് നൽകുന്ന പ്രവർത്തനം നടന്നുവരുന്നു. ദുരിതബാധിതർക്ക് പ്രതിമാസം 400 രൂപ വീതവും കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ വീതവും നൽകുന്നു. എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാ നാകാതെ വീട്ടിൽ കഴിയുന്നവർക്ക് പ്രതിമാസം 2000 രൂപയും മറ്റ് രോഗി

കൾക്ക് പ്രതിമാസം 1000 രൂപയും അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ കീടനാശിനിമൂലമുള്ള രോഗത്താൽ കിടപ്പിലായവരുടെ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ റേഷൻ ലഭ്യമാക്കുന്നതോടൊപ്പം എൻഡോ സൾഫാൻ ദുരിതബാധിതർക്ക് സൗജന്യ റേഷനും ലഭ്യമാക്കുന്നു. കാസർഗേഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ഒരു സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്. എൻഡോസൾഫാൻ ദുരന്തം സംബന്ധിച്ച് കേന്ദ്ര സംഘത്തിന്റെ പഠനത്തെ ക്കുറിച്ചുള്ള അറിയിപ്പുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്നും ഇത് സംബന്ധിച്ച കേന്ദ്ര മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളും ശുപാർശ കളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ശുപാർശകളിൽ ആവശ്യ മായ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 205 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രി മാർ രേഖാമൂലം ഉത്തരം നൽകി.)